**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1919**
**07.12.2015 ലെ മറുപടിയ്ക്ക്**

<u>സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമാക്കാൻ ഭരണാനുമതി</u>

| ചോദ്യം. ശ്രീ.ആർ.രാജേഷ് | | ഉത്തരം. ശ്രീ.ഉമ്മൻ ചാണ്ടി(ബഹു. മുഖ്യമന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും നൽകുന്നതിന് എം.എൽ.എ യുടെ നിർദ്ദേശം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ടി പ്രവർത്തി നിർദ്ദേശം ലഭിച്ചിട്ടുണ്ട്. സർക്കാർ, എയ്ഡഡ് മേഖലകളിൽ ഉൾപ്പെട്ട സ്കൂളുകളിലാണ് പ്രവർത്തി നടപ്പാക്കുവാൻ അനുമതി ആവശ്യപ്പെട്ടിരുന്നത്. മണ്ഡല ആസ്തി വികസന പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത് പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതും മൂലധന സ്വഭാവമുള്ളതുമായ സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയായതിനാൽ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുവദിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളതെന്നും ആയതിനാൽ, സർക്കാർ മേഖലയിൽ ഉൾപ്പെടുന്ന സ്കൂളുകൾ മാത്രമായി ഉൾപ്പെടുത്തി പ്രവൃത്തി നിർദ്ദേശം സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ധന വകുപ്പിൽ ടി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ധനാനുമതിയും തുടർന്ന് ഭരണാനുമതിയും നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | |
| (സി) | ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | |
| (ഡി) | ഈ പ്രവൃത്തിക്ക് ഭരണാനുമതി അടിയന്തിരമായി ലഭ്യമാക്കുമോ; വിശദാംശങ്ങൾ നൽകാമോ? | |

അക്കൗണ്ട്സ് ഓഫീസർ